ഭരണഭാഷ-മാതൃഭാഷ

നം.ICDS/B2/4601/20(2)

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :07.10.2020
ഇ-മെയിൽ : directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

# പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് – മികച്ച അങ്കണവാടിയ്ക്കുള്ള സംസ്ഥാന അവാർഡ് നോമിനേഷൻ സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന: 30.6.2015 ലെ ICDS മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

സംസ്ഥാനത്തെ അങ്കണവാടികൾ വഴി നൽകി വരുന്ന സേവനത്തിന്റെ ഗുണനിലവാരവും ഗുണഭോക്താക്കളുടെ എണ്ണവും കുറഞ്ഞു വരുന്ന സാഹചര്യത്തെ ഫലപ്രദമായി നേരിടുന്നതിന് അങ്കണവാടിയുടെ മോണിറ്ററിംഗും പിന്തുണ സംവിധാനവും മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി വസ്തുനിഷ്ഠമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളെ A,B,C,D എന്നിങ്ങനെ ഗ്രേഡ് ചെയ്തിട്ടുണ്ട്. ഇപ്രകാരം 'A' ഗ്രേഡ് ലഭിക്കുന്ന അങ്കണവാടികളിൽ ഇതിനൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം ജില്ലയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു അങ്കണവാടിയെ മികച്ച അങ്കണവാടിയായി തെരഞ്ഞെടുത്ത് 2017-18 വർഷം മുതൽ 10,000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി വരുന്നു.

ഗ്രേഡിംഗ് മാനദണ്ഡ പാലിച്ച് ഓരോ പ്രോജക്ടിലും 'A' ഗ്രേഡും ഏറ്റവും കൂടുതൽ മാർക്കും ലഭിച്ചിട്ടുള്ള അങ്കണവാടികളിൽ നിന്നും 3 അങ്കണവാടികളെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത് അവാർഡ് കമ്മിറ്റിയിൽ (അങ്കണവാടി സെന്ററിന്റെ ഫോട്ടോ ഉൾപ്പെടെ) നോമിനേറ്റ് ചെയ്യേണ്ടതാണ്. ഇതിനായി പ്രോജക്ട് തലത്തിൽ ചുവടെ പറയും പ്രകാരം അവാർഡ് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ | - | ചെയർമാൻ |
| 2. | മെഡിക്കൽ ഓഫീസർ -CHC/Block PHC | - | അംഗം |
| 3. | ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ | - | അംഗങ്ങൾ |
| 4. | ശിശു വികസന പദ്ധതി ഓഫീസർമാർ | - | കൺവീനർ |

പ്രോജക്ട്തല അവാർഡ് കമ്മിറ്റിയിൽ അവാർഡിനായി നോമിനേറ്റ് ചെയ്യുന്ന അങ്കണവാടിയുടെ വിശദാംശം കമ്മിറ്റിയുടെ മിനിട്ട്സ് സഹിതം പ്രോഗ്രാം ഓഫീസർക്ക് 2020 ഒക്ടോബർ 25 നകം സമർപ്പിക്കേണ്ടതാണ്.

GB

പ്രസ്തുത നോമിനേഷനുകൾ ചുവടെ പറയുന്ന ജില്ലാ കമ്മിറ്റി പരിശോധിച്ച് ജില്ലാതല അവാർഡിനായി അങ്കണവാടിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡപ്പട്ടിക പ്രകാരം ഒരു അങ്കണവാടിയെ തെരഞ്ഞെടുത്ത് പ്രസ്തുത അങ്കണവാടിയുടെ ഗ്രേഡിംഗ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ, ജില്ലാതല കമ്മിറ്റിയുടെ മിനിട്ട്സ്, മാനദണ്ഡ പട്ടിക, ജില്ലാ പ്രോഗ്രാം ഓഫീസറുടെ ശുപാർശ എന്നിവ സഹിതം **നവംബറിന് 12 ന്** മുൻപായി വനിത ശിശു വികസന ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - | ചെയർപേഴ്സൺ |
| 2. | നഗരസഭാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (ആസ്ഥാന നഗരസഭ) | - | അംഗം |
| 3. | ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | - | അംഗം |
| 4. | അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ | - | അംഗം |
| 5. | ജില്ലാ മെഡിക്കൽ ഓഫീസർ | - | അംഗം |
| 6. | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | - | അംഗം |
| 7. | ജില്ലാ വനിതാ ശിശുവികസന ഓഫീസർ | - | അംഗം |
| 8. | ജില്ലാ പ്രോഗ്രാം ഓഫീസർ | - | കൺവീനർ |

സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന നോമിനേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിൽ ജില്ലാതലത്തിൽ വ്യാപകമായ പ്രചാരം നൽകേണ്ടതാണ്.

മികച്ച അങ്കണവാടിയെ തെരഞ്ഞടുക്കുന്നതിന് നിശ്ചിത പ്രൊഫോർമയിലുള്ള ജില്ലാതല അവാർഡ് പരിഗണനയ്ക്കുള്ള മാനദണ്ഡ പട്ടിക അനുബന്ധമായി ചേർക്കുന്നു.

അങ്കണവാടികളെ ഗ്രേഡ് ചെയ്യേണ്ടത് ഈ കാര്യാലയത്തിലെ 24.9.2015 ലെ ICDS/B2/14826/15 -ാം നം . പരിപത്ര പ്രകാരമായിരിക്കണം.

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ജില്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

GB

**<u>ജില്ലാതല അവാർഡിനു പരിഗണിക്കേണ്ട അങ്കണവാടിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡപ്പട്ടിക</u>**

| നം. | പരിഗണിക്കേണ്ട മേഖലകൾ | മാർക്ക് | AWC No. | AWC No. | AWC No. | AWC No. | AWC No. | AWC No. | AWC No. | AWC No. | AWC No. | AWC No. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | വിശാലമായ പ്രീ സ്കൂൾ ക്ലാസ് റൂം | 2 | | | | | | | | | | |
| 2. | സ്വന്തം കുടിവെള്ള സംവിധാനം, ചുറ്റുമതിൽ | 2 | | | | | | | | | | |
| 3. | അങ്കണവാടി ശുചിത്വം-വെയ്സ്റ്റ് മാനേജ്മെന്റ് സംവിധാനം | 2 | | | | | | | | | | |
| 4. | Extra room for other activities/അങ്കണവാടി കളിമൂലകൾ നടപ്പിലാക്കിയിട്ടുണ്ടോ? | 2 | | | | | | | | | | |
| 5. | ശിശുസൗഹൃദ ടോയിലറ്റ് /ജല ലഭ്യതയുണ്ടോ Over head water tank ഉണ്ടോ | 2 | | | | | | | | | | |
| 6. | ശിശുസൗഹൃദ പെയിന്റിംഗ് | 2 | | | | | | | | | | |
| 7. | സീറ്റിംഗ് അറേഞ്ച്മെന്റ് | 2 | | | | | | | | | | |
| 8. | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാണോ?Food Saftey Certificate updated ആണോ? | 2 | | | | | | | | | | |
| 9. | ഭിന്നശേഷി സൗഹൃദ കെട്ടിടം | 1 | | | | | | | | | | |
| 10. | റഫറൻസ് ലൈബ്രറി | 2 | | | | | | | | | | |
| 11. | സുരക്ഷിതമായ കെട്ടിടം, പരിസരം | 2 | | | | | | | | | | |
| 12. | കിച്ചൺ ഗാർഡൻ, Separate Kitchen | 2 | | | | | | | | | | |
| 13. | ഭക്ഷണ പദാർത്ഥങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം | 2 | | | | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 14. | വൈദ്യുതീകരണം | 2 | | | | | | | | | | |
| 15. | 'അക്ഷയപാത്രം' ഉണ്ടോ? | 2 | | | | | | | | | | |
| 16. | പ്രവത്തനക്ഷമമായ വെയിംഗ് സ്കെയിൽ | 2 | | | | | | | | | | |
| 17. | ഫസ്റ്റ് എയ്ഡ് ബോക്സ്/മെഡിസിൻ ചെസ്റ്റ് | 2 | | | | | | | | | | |
| 18. | പൊതു ജനങ്ങളോടുള്ള നല്ല പെരുമാറ്റം | 2 | | | | | | | | | | |
| 19. | സമൂഹത്തിലുള്ള സ്വീകാര്യത | 2 | | | | | | | | | | |
| 20. | അങ്കണവാടി പ്രവർത്തകരുടെ അറിവും പ്രാവീണ്യവും | 2 | | | | | | | | | | |
| 21. | മൊബൈൽ ഫോൺ മുഖേന ICDS CAS ലെ ഡേറ്റ കൈകാര്യം ചെയ്യുന്നതിലെ മികവ് | 2 | | | | | | | | | | |
| 22. | പ്രീസ്കൂൾ കുട്ടികളുടെ തീം പ്രവർത്തനങ്ങളിൽ ഉള്ള പ്രതികരണ ശേഷി | 2 | | | | | | | | | | |
| 23 | Community Mobilization/ സ്പോൺസർഷിപ്പ് | 2 | | | | | | | | | | |
| 24 | മറ്റ് ഏതെങ്കിലും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ | 2 | | | | | | | | | | |
| 25 | അങ്കണവാടി,Immunization & Health check up എന്നിവയ്ക്ക് ഉപയോഗിച്ച് വരുന്നുണ്ടോ? | 2 | | | | | | | | | | |
| 26 | അങ്കണവാടി പ്രവർത്തകർ തമ്മിലുള്ള സഹകരണം | 2 | | | | | | | | | | |
| 27 | SUW/SAM കുട്ടികളുടെ പ്രത്യേക രജിസ്റ്റർ & follow up. | 2 | | | | | | | | | | |

GB

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| .28 | ALMSC, AG,MOTHERS,ECCE മീറ്റിംഗുകൾ എല്ലാ മാസവും കൂടുന്നുണ്ടോ? ആവശ്യമായ പങ്കാളിത്തം ഇവയിലുണ്ടോ? | 2 | | | | | | | | | | |
| 29 | ഫീൽഡ് വിസിറ്റ് സ്റ്റാറ്റസ് | 2 | | | | | | | | | | |
| 30 | പൊതു ജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിനുള്ള നോട്ടീസ് ബോർഡ് ഗുണഭോക്തൃ വിവരങ്ങൾ, മെനു ചാർട്ട് എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ടോ?. | 2 | | | | | | | | | | |
| 31 | Low cost locally available materials ഉപയോഗിച്ച് പ്രീസ്കൂൾ പഠന സാമഗ്രികൾ തയ്യാറാക്കിയിട്ടുണ്ടോ? ചാർട്ടുകൾ തയ്യാറാക്കുന്നുണ്ടോ? | 2 | | | | | | | | | | |
| 32 | Outdoor, Indoor കളി ഉപകരണങ്ങൾ | 2 | | | | | | | | | | |
| 33 | ഗ്രോത്ത് മോണിറ്ററിംഗ് & ന്യൂട്രീഷണൽ കൗൺസിലിംഗ് & അഡീഷണൽ ഫീഡിംഗ് എന്നിവ നൽകി കുട്ടികൾക്ക് തൂക്കത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ? | 2 | | | | | | | | | | |
| | **ആകെ മാർക്ക്** | **65** | | | | | | | | | | |